റോഡുപണികൾ.

* 1077. [36] ശ്രീ. ടി. പി. സീതാരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) 1955.56–ലെ ബഡ്ജറിൽ അനുവദിച്ചിട്ടുള്ള റോഡുപണികളിൽ എത്ര എണ്ണം ഇതുവരെ പണി ആരംഭിക്കാതെയുണ്ട്;

(ബി) കാരണമെന്ത്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ആകെയുള്ള 823 എണ്ണത്തിൽ 163 എണ്ണത്തിന്റെ പണി ആരംഭിച്ചിട്ടില്ല.

(ബി) പ്രധാനകാരണങ്ങൾ താഴെ പറയുന്നവയാണ്:—

1. ആവശ്യമുള്ള ഭൂമി കൈവശപ്പെടുത്തുന്നതിലുള്ള കാലതാമസം.

2 അലയിൻമെൻറ് തീർച്ചപ്പെടുത്തുന്നതിലുള്ള താമസം.

4. ഡിസയിനും അടങ്കലും തയാറാക്കുന്നതിലും അനുവദിക്കുന്നതിലും നേരിടുന്ന കാലതാമസം.

തെങ്ങുരോഗം.

* 1078. [38] ശ്രീ. പി. നാരായണൻപോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക ജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചിയിൽ തെങ്ങുരോഗം ഏറ്റവും കൂടുതൽ ബാധിച്ചിട്ടുള്ള താലൂക്കുകൾ ഏതൊക്കെയാണ്;

(ബി) രോഗം ബാധിച്ചിട്ടുള്ള തെങ്ങുകൾക്ക് ബാധിക്കാത്തവയോട് ഉള്ള അനുപാതം (റേഷ്യോ) എത്രയാണെന്ന് അറിയാൻ എന്തെങ്കിലും സർവ്വെ നടത്തിയിട്ടുണ്ടോ;

(സി) ഈ രോഗസംക്രമണം തടയാൻ എന്തെല്ലാം നടപടികൾ ഇതേവരെ കൈക്കൊണ്ടിട്ടുണ്ട്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) കൊച്ചീൻ–കണ്ണൂർ, കരുനാഗപ്പള്ളി, മാവേലിക്കര, തിരുവല്ല, ചങ്ങനാശേരി, കാർത്തികപ്പള്ളി, മീനച്ചൽ, കോട്ടയം, തൊടുപുഴ, പത്തനംതിട്ട, പത്തനാപുരം, അമ്പലപ്പുഴ, കൊട്ടാരക്കര, കുന്നത്തൂർ, വൈക്കം എന്നീ പതിനഞ്ചു താലൂക്കുകളിലാണ തെങ്ങുരോഗങ്ങൾ കൂടുതൽ ബാധിച്ചിട്ടുള്ളതു്.

(ബി) ഉണ്ടു്. ഈ താലൂക്കുകളിൽ 10 മുതൽ 40 ശതമാനം വരെ തെങ്ങുകൾക്ക രോഗം ബാധിച്ചിട്ടുണ്ടു്.

(സി) വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും ക്രമമായ മരുന്നു തളിയും, ശരിയായ വളം ചേർക്കലുമാണ് രോഗബാധയിൽനിന്നും തെങ്ങുകളെ രക്ഷിക്കാൻ ഇന്നു് അറിവുള്ള നവീനമാർഗ്ഗങ്ങൾ. ഇതു പൊതുജനങ്ങളെ ഉൽബോധിപ്പിക്കുന്നതിനു കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും പ്രചരണവേല നടത്തിവരുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രവർത്തനങ്ങൾ പ്രായോഗികമായി പൊതുജനങ്ങൾക്കു കാണിച്ചുകൊടുത്തു ബോദ്ധ്യപ്പെടുത്തുന്നതിലേയ്ക്കായി രോഗങ്ങൾ ലഘുവായി ബാധിച്ചിട്ടുള്ള 7 താലൂക്കുകൾ (മുഴപ്പിലങ്ങാട്, വടക്കൻപറവൂർ, കുന്നത്തുനാട്, ചേർത്തല, കൊല്ലം, നെടുമങ്ങാട്, ചിറയിൻകീഴ്) എടുത്തു് ആകെ ഒരു ലക്ഷം തെങ്ങുകൾ ലക്ഷ്യം വച്ചു് ഒരു "പൈലറ്റ്" (Pilot) പദ്ധതി 1954 ഒക്ടോബർ മുതൽ 1955 മേയ്വരെ നടത്തുകയുണ്ടായി. ഈ പദ്ധതിപ്രകാരം 96511 തെങ്ങുകൾക്കു മരുന്നുതളിക്കുകയുണ്ടായി.

ഇതുകൂടാതെ രോഗങ്ങൾ ബാധിച്ചിട്ടുള്ള 22 താലൂക്കുകളിലും ഈ രോഗങ്ങളുടെ സഫലമായ നിയന്ത്രണമാർഗ്ഗങ്ങളെ പ്രദർശന രൂപ (Demonstration) മായി വിപുലമായ തോതിൽ കാണിച്ചുകൊടുക്കുന്നതിലേക്കു് 6 ലക്ഷം മരങ്ങൾ ലക്ഷ്യം വച്ചു് ഒരു വലിയ മരുന്നുതളിപദ്ധതി (Spraying scheme) ആസൂത്രണം ചെയ്തിട്ടുണ്ടു്. ഈ പദ്ധതി ഈവർഷത്തിതന്നെ നടപ്പിൽ വരുത്താൻ സാധിക്കുമെന്നാണു പ്രതീക്ഷിക്കുന്നതു്. ഈ പദ്ധതിപ്രകാരം കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും മരുന്നുതളി പ്രവർത്തനങ്ങൾക്കു ഓരോ താലൂക്കിലും 4 വീതം മരുന്നുതളിയന്ത്രങ്ങൾ (Sprayers) ഏർപ്പെടുത്തുന്നതും, തെങ്ങുകൾക്കു് ഒരണ നിരക്കിൽ മരുന്നുതളി ചെയ്തുകൊടുക്കുന്നതുമായിരിക്കും.

നാഷണൽ ഹൈവേസു്.

* 1079. [39] ശ്രീ. പി. നാരായണൻപോറ്റി : താഴെകാണുന്ന ചോദ്യത്തിനു മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ എന്നു പറയുന്നതു ഇൻഡ്യയിലെ ഏതു സ്ഥലത്തുനിന്നും തുടങ്ങി ഏവിടെ അവസാനിക്കുന്നു;

(ബി) തിരുവിതാംകൂർ–കൊച്ചിയിലെ ഏതെല്ലാം റോഡുകളാണു ഇതിൽ ഉൾപ്പെടുന്നതു;

(സി) ഈ സ്റ്റേറ്റിൽകൂടി കടന്നുപോകുന്ന നാഷണൽ ഹൈവേയ്ക്കു് എത്ര മൈൽ നീളമുണ്ടു്;

(ഡി) എത്ര അടി വീതിയിലാണു് ഇതു് ഇന്നു നിർമ്മിച്ചുകൊണ്ടിരിക്കുന്നതു്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) നാഷൽ ഹൈവെ എന്നു പറയുന്നതു ഒരു സ്ഥാനത്തുനിന്നും ആരംഭിച്ചു വേറൊരു സ്ഥാനത്തു ചെന്നവസാനിക്കുന്ന ഒരു ഒറ്റ ഹൈവെ അല്ല. ഇൻഡ്യയിലെ പ്രധാന നഗരങ്ങളേയും തുറമുഖങ്ങളേയും തമ്മിൽ ബന്ധിപ്പിക്കുന്ന സുപ്രധാനറോഡുകളാണു് ഇപ്പേരിനാൽ അറിയപ്പെടുന്നതു്.

(ബി) 1. കന്യാകുമാരി മുതൽ പണക്കുടി വരെയുള്ള റോഡു്.

2. കന്യാകുമാരി മുതൽ (തുക്കുർവഴി) വാണിയംപാറവരെയുള്ള റോഡു്.

3. തുക്കുർ മുതൽ ചാവക്കാടു വരെയുള്ള റോഡു്.

(സി) 274.

(ഡി) 40 അടി.

LIBRARY ARCHIVES Kerala Legislative Assembly